☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in, FAX: 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം – 695 004

പിസിബി/റ്റി4/115/97 (3) തീയതി: 08.05.2017

## സർക്കുലർ

വിഷയം: ഹസാർഡസ് ആന്റ് അതർ വേസ്റ്റ് റീസൈക്ലിംഗ്/റീ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് ആതറൈസേഷൻ നൽകുന്നത് – സംബന്ധിച്ച്.

സൂചന: 31.01.2016 – ലെ 201–ാമത് ബോർഡ് മീറ്റിംഗ് തീരുമാനം.

2016 – ലെ ഹസാർഡസ് & അതർ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ട്രാൻസ്ബൗണ്ടറി മൂവ്മെന്റ്) റൂൾസിലെ റൂൾ–6 പ്രകാരം മേൽപ്പറഞ്ഞ വേസ്റ്റുകൾ റീസൈക്ലിംഗ്/റീപ്രോസസ്സിംഗ് ചെയ്യുന്നതിന് ബോർഡിന്റെ ആതറൈസേഷൻ കരസ്ഥമാക്കണമെന്നുണ്ട്. 2008 – ലെ ഹസാർഡഡ് വേസ്റ്റ് (മാനേജ്മെന്റ് & ട്രാൻസ് ബൗണ്ടറി മൂവ്മെന്റ്) റൂൾസ് പ്രകാരം, ഹസാർഡസ് വേസ്റ്റ് റീസൈക്കിൾ/റീപ്രോസസിംഗ് ചെയ്യുന്നതിന് ബോർഡിന്റെ രജിസ്ട്രേഷൻ വേണമായിരുന്നു. എന്നാൽ ടി രജിസ്ട്രേഷനു പകരം ബോർഡിന്റെ ആതറൈസേഷൻ കരസ്ഥമാക്കണമെന്നാണ് 2016 – ലെ റൂൾസിൽ പ്രതിപാദിക്കുന്നത്. ആയതിനാൽ ടി വിഷയം 31.01.2017 – ൽ ചേർന്ന 201–ാമത് ബോർഡ് മീറ്റിംഗിൽ വിശദമായി ചർച്ച ചെയ്യുകയും ചർച്ചയ്ക്ക് ശേഷം താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഹസാർഡസ് & അതർ വേസ്റ്റ് റീസൈക്കിൾ/റീപ്രോസസിംഗ് യൂണിറ്റുകൾക്ക് ആതറൈസേഷൻ കൂടി ഉൾപ്പെടുത്തിയിട്ടുള്ള ഇന്റഗ്രേറ്റഡ് കൺസന്റ് നൽകാൻ തീരുമാനിച്ചു.

1. റീസൈക്കിൾ/റീപ്രോസസിംഗ് യൂണിറ്റുകൾക്ക് ഇപ്പോൾ നൽകി വരുന്ന രജിസ്ട്രേഷനു പകരമായി ആതറൈസേഷൻ Integrated consen to Establish/Operate – ന്റെ ഭാഗമായി നൽകാവുന്നതാണ്.
2. അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ നിന്നും ഇൻസ്പെക്ഷൻ റിപ്പോർട്ട്, കൺസന്റ് ഫീസ്, ആതറൈസേഷൻ ഫീസ് എന്നിവ സഹിതം കേന്ദ്ര ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്.
3. ഇത്തരത്തിലുള്ള അപേക്ഷകൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഗൈഡ് ലൈൻ പ്രകാരം 'എൻവയോൺമെന്റലി സൗണ്ട് ടെക്നോളജി' എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധനയ്ക്കായി നിലവിലുള്ള വിദഗ്ദ

സമിതി നിലനിർത്താവുന്നതും സമിതി പരിശോധിച്ച് ബോർഡ് ചെയർമാൻ അനുമതി നൽകുന്ന രീതി തുടരാവുന്നതുമാണ്.

4. ഇന്റഗ്രേറ്റഡ് കൺസന്റ് ഫീസിനുപരിയായി ഇപ്പോൾ നിലവിലുള്ള രജിസ്ട്രേഷൻ ഫീസുകൂടി (അതായത് ചെറുകിട വ്യവസായങ്ങൾക്ക് 1 ലക്ഷം രൂപ, ഇടത്തരം വ്യവസായങ്ങൾക്ക് 3 ലക്ഷം രൂപ, വൻകിട വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപ) ചേർത്തുള്ള ഫീസ് ഈടാക്കി 3 വർഷ കാലാവധിക്കായി അപേക്ഷ പരിഗണിക്കാവുന്നതാണ്.

ഒപ്പ്
**ചെയർമാൻ**

പകർപ്പ്:

1. എല്ലാ മേഖലാ/ജില്ലാ ആഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ആഫീസർമാർക്കും.
3. IT Cell (ബോർഡിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
4. ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും കോൺഫിഡ്യൻഷ്യൽ അസിസ്റ്റന്റ്.
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sleeba

**എൻവയൺമെന്റൽ എഞ്ചിനീയർ - 4**